## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

യു.ജി.സി.യുടെ ധനസഹായത്തോടെ നടത്തി വന്നിരുന്ന ബി.വോക്. പ്രോഗ്രാമുകൾക്ക് ധനസഹായ കാലാവധിക്കു ശേഷം 2017-18 അദ്ധ്യയന വർഷം സ്വാശ്രയ രീതിയിൽ താല്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ1 വിഭാഗം

നം.4136/എ1/2017/അക്കാദമിക് | തീയതി, പ്രിയദർശിനി ഹിൽസ്, 06.07.2017

---

പരാമർശം : 1. സർവ്വകലാശാലാ ഉത്തരവ് നം.4717/A1/2014/Acad തീയതി 20.09.2014.

2. സർവ്വകലാശാലാ ഉത്തരവ് നം.5140/A1/2014/Acad തീയതി 15.10.2014.
3. സർവ്വകലാശാലാ ഉത്തരവ് നം.5471/A1/2014/Acad തീയതി 29.10.2014.
4. സർവ്വകലാശാലാ ഉത്തരവ് നം.4424/A1/2016/Acad തീയതി 09.08.2016.
5. സർവ്വകലാശാലാ ഉത്തരവ് നം.4541/A1/2016/Acad തീയതി 17.08.2016.
6. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) Nos.17982, 18534, 18576 & 18577 of 2017 കേസിന്മേലുള്ള വിധിന്യായം.
7. സർവ്വകലാശാലാ ഉത്തരവ് നം.3831/എ1/2017//അക്കാദമിക് തീയതി 23.06.2017.
8. സർക്കാർ ഉത്തരവ് നം.G.O.(Ms) No.154/2017/H.Edn തീയതി 17.06.2017.
9. സർക്കാർ ഉത്തരവ് നം.G.O.(Ms) No.155/2017/H.Edn തീയതി 17.06.2017.
10. സർക്കാർ ഉത്തരവ് നം.G.O.(Ms) No.157/2017/H.Edn തീയതി 17.06.2017.
11. 01.07.2017 ൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി - അഫിലിയേഷൻ ആന്റ് അപ്രൂവൽ യോഗത്തിന്റെ ഇനം നം.O.A 2 പ്രകാരമുള്ള തീരുമാനം.

### ഉത്തരവ്

പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം, സർവ്വകലാശാലയുടെ കീഴിലുള്ള താഴെപ്പറയുന്ന 5 കോളേജുകളിൽ യു.ജി.സി. ധനസഹായത്തോടെ ബി.വോക്. പ്രോഗ്രാമുകൾക്ക് 2016-17 വരെ താല്ക്കാലിക അഫിലിയേഷൻ നൽകി ഉത്തരവായിരുന്നു.

| ക്രമ നം. | കോളേജ് | ബി.വോക് കോഴ്സുകൾ | അനുവദിച്ച സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1. | കെ.ഇ. കോളേജ്, മാന്നാനം | 1..റീട്ടെയിൽ മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി | 50 |
| | | 2. മാർക്കറ്റിങ്ങ് മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി | 50 |
| 2. | എം.ഇ.എസ്. കോളേജ്, മാറമ്പള്ളി | 1. ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ | 50 |
| | | 2. ലോജിസ്റ്റിക് മാനേജ്മെന്റ് | 50 |
| 3. | അൽഫോൺസാ കോളേജ്, പാലാ | 1. ഫാഷൻ ടെക്നോളജി | 50 |
| | | 2. സ്പോർട്ട്സ് ന്യൂട്രിഷൻ & ഫിസിയോതെറാപ്പി | 50 |

| | | | |
|---|---|---|---|
| 4. | സെന്റ് തോമസ് കോളേജ്, പാലാ | 1. സസ്റ്റെയ്നബിൾ അഗ്രിക്കൾച്ചർ | 50 |
| | | 2. ഫുഡ് പ്രോസസിങ്ങ് & ടെക്നോളജി | 50 |
| 5. | ശ്രീ ശങ്കര കോളേജ്, കാലടി | 1. റിന്യൂവബിൾ എനർജി മാനേജ്മെന്റ് | 50 |
| | | 2. ടൂറിസം & ഹോസ്പിറ്റാലിറ്റി | 50 |
| | | 3. ബ്രോഡ്കാസ്റ്റിങ്ങ് & ജേർണലിസം | 50 |

ടി പ്രോഗ്രാമുകളുടെ യു.ജി.സി. ധനസഹായ കാലാവധി 2016-17 വർഷത്തോടെ കഴിയുക യുണ്ടായി. യു.ജി.സി. ധനസഹായ കാലാവധിക്കു ശേഷം ടി പ്രോഗ്രാമുകളുടെ തുടർനടത്തിപ്പ് സംബന്ധിച്ച വിഷയം, കേരള ഹൈക്കോടതിയുടെ പരാമർശം (6) പ്രകാരമുള്ള വിധിയുടെ അടിസ്ഥാന ത്തിൽ സർവ്വകലാശാല പരിഗണിക്കുകയും, ടി കോളേജുകളുടെ സൗകര്യങ്ങൾ പരിശോധിക്കുന്നതി നായി പരാമർശം (7) പ്രകാരം, പരിശോധനാ സമിതികളെ നിയമിക്കുകയും ടി സമിതികൾ പരിശോധന നടത്തി റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു.

പരാമർശം (8), (9), (10) പ്രകാരം, എം.ഇ.എസ്. കോളേജ്, മാറമ്പള്ളി, സെന്റ് തോമസ് കോളേജ്, പാലാ, കുര്യാക്കോസ് ഏലിയാസ് കോളേജ്, മാന്നാനം എന്നീ കോളേജുകൾക്ക് ബി.വോക്. പ്രോഗ്രാമുകൾ സ്വാശ്രയ രീതിയിൽ തുടരുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നൽകി. ഈ സാഹചര്യത്തിൽ ടി വിഷയം, സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതി (അഫിലിയേഷൻ ആന്റ് അപ്രൂവൽ) പരാമർശം (11) പ്രകാരം പരിഗണിക്കുകയും താഴെപ്പറയുന്ന രീതിയിൽ തീരുമാനം എടുക്കു കയും ചെയ്തു.

"യു.ജി.സി. ധനസഹായത്തോടെ നടത്തി വരുന്ന ബി.വോക്. പ്രോഗ്രാമുകളുടെ തുടർനടത്തിപ്പ് സംബന്ധിച്ച് കോളേജുകളിലെ സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി നിയോഗിച്ച പരിശോധനാ സമിതികളുടെ റിപ്പോർട്ടുകൾ, WP(C) No.17982, 18534, 18576 & 18577 എന്നീ കേസുകളിന്മേലുള്ള കേരള ഹൈക്കോടതിയുടെ വിധിയും കേരള സർക്കാർ ഉത്തരവുകൾ (1) G.O.(Ms) No.154/2017/H.Edn തീയതി 17.06.2017 (2) G.O.(Ms) No.155/2017/H.Edn തീയതി 17.06.2017 (3) G.O.(Ms) No.157/2017/H.Edn തീയതി 17.06.2017 എന്നിവയും കണക്കിലെടുത്ത് താഴെ പറയുന്ന കോളേജുകളിലെ ബി.വോക്. പ്രോഗ്രാമു കൾക്ക് 2017-18 വർഷം സ്വാശ്രയ രീതിയിൽ താല്ക്കാലിക അഫിലിയേഷൻ നൽകാൻ ശുപാർശ ചെയ്യുന്നു:

| ക്രമ നം. | കോളേജുകൾ | ബി.വോക് പ്രോഗ്രാമുകൾ | സീറ്റ് |
|---|---|---|---|
| 1. | എം.ഇ.എസ്. കോളേജ്, മാറമ്പള്ളി | 1. ആനിമേഷൻ & ഗ്രാഫിക് ഡിസൈൻ | 50 |
| | | 2. ലോജിസ്റ്റിക് മാനേജ്മെന്റ് | 50 |
| 2. | സെന്റ് തോമസ് കോളേജ്, പാലാ | 1. സസ്റ്റെയ്നബിൾ അഗ്രിക്കൾച്ചർ | 50 |
| | | 2. ഫുഡ് പ്രോസസിങ്ങ് & ടെക്നോളജി | 50 |

| | | | |
|---|---|---|---|
| 3. | കുര്യാക്കോസ് ഏലിയാസ് കോളേജ്, മാന്നാനം | 1..റീട്ടെയിൽ മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി | 50 |
| | | 2. മാർക്കറ്റിങ്ങ് മാനേജ്മെന്റ് & ഇൻഫർമേഷൻ ടെക്നോളജി | 50 |

കുര്യാക്കോസ് ഏലിയാസ് കോളേജ്, മാന്നാനം ബി.വോക് പ്രോഗ്രാമുകൾക്കായി ലൈബ്രറി പൂർണ്ണമായി ഉടൻ സജ്ജീകരിക്കേണ്ടതാണ്.

അൽഫോൺസാ കോളേജ്, പാലായിലും, ശ്രീ ശങ്കര കോളേജ്, കാലടിയിലും താഴെ പറയുന്ന ബി.വോക് പ്രോഗ്രാമുകൾക്കും 2017-18 വർഷം സ്വാശ്രയ രീതിയിൽ താല്ക്കാലിക അഫിലിയേഷൻ നൽകുന്നതിന് ശുപാർശ ചെയ്യുന്നു. ടി താല്ക്കാലിക അഫിലിയേഷൻ കേരള സർക്കാരിന്റെ അഭിപ്രായത്തിന് വിധേയമായിട്ടായിരിക്കും.

| ക്രമ നം. | കോളേജുകൾ | ബി.വോക് പ്രോഗ്രാമുകൾ | സീറ്റ് |
|---|---|---|---|
| 1. | അൽഫോൺസാ കോളേജ്, പാലാ | 1. ഫാഷൻ ടെക്നോളജി | 50 |
| | | 2. സ്പോർട്ട്സ് ന്യൂട്രിഷൻ & ഫിസിയോതെറാപ്പി | 50 |

| ക്രമ നം. | കോളേജുകൾ | ബി.വോക് പ്രോഗ്രാമുകൾ | സീറ്റ് |
|---|---|---|---|
| 1. | ശ്രീ ശങ്കര കോളേജ്, കാലടി | 1. റിന്യൂവബിൾ എനർജി മാനേജ്മെന്റ് | 50 |
| | | 2. ടൂറിസം & ഹോസ്പിറ്റാലിറ്റി | 50 |
| | | 3. ബ്രോഡ്കാസ്റ്റിങ്ങ് & ജേർണലിസം | 50 |

യു.ജി.സി. ധനസഹായത്തോടെ ആരംഭിച്ച ബി.വോക്. കോഴ്സുകളുടെ ആവശ്യകതയും തുടർച്ചയും സംബന്ധിച്ച് വിശദമായി പഠനം നടത്തുവാൻ ശുപാർശ ചെയ്യുന്നു."

വൈസ് ചാൻസിലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17)-ലെ അധികാര വിനിയോഗ പ്രകാരം അർപ്പിതമായ അധികാരം ഉപയോഗിച്ച് മേൽ തീരുമാനം അംഗീകരിക്കുകയും ചെയ്തു.

മുകളിൽ പരാമർശിച്ചിട്ടുള്ള കോഴ്സുകളുടെ താല്ക്കാലിക അഫിലിയേഷൻ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. ഈ ഉത്തരവ് പ്രകാരം നൽകിയിരിക്കുന്ന താൽക്കാലിക അഫിലിയേഷൻ 2017-18 അദ്ധ്യയന വർഷത്തേയ്ക്കു മാത്രമാണ്. ടി അഫിലിയേഷൻ ഓരോ വർഷവും ടി പ്രോഗ്രാമുകൾക്കുള്ള പ്രവേശനത്തിനു മുമ്പായി നിയമപ്രകാരം പുതുക്കി വാങ്ങേണ്ടതാണ്.

അല്ലാത്തപക്ഷം, ടി അഫിലിയേഷൻ റദ്ദു ചെയ്യപ്പെട്ടതായി കണക്കാക്കുന്നതാണ്. റദ്ദാക്കൽ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് സർവ്വകലാശാലയ്ക്ക് യാതൊരുവിധ ഉത്തരവാദിത്ത്വവും ഉണ്ടായിരിക്കുന്നതല്ല.

സർക്കാർ/സർവ്വകലാശാല നിഷ്കർഷിച്ചിരിയ്ക്കുന്ന പ്രവേശന/മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ടി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനം.

പ്രവേശന സമയത്ത് വിദ്യാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഫീസുകൾ ഈടാക്കി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്

| | |
|---|---|
| വിദ്യാർത്ഥികളുടെ അഫിലിയേഷൻ ഫീസ് | : 400/- രൂപ (ഒറ്റത്തവണ പ്രവേശന സമയത്ത്) |
| കായിക അഫിലിയേഷൻ ഫീസ് | : 300/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് (100/- രൂപ കോളേജിൽ തന്നെ നിലനിർത്തേണ്ടതും 200/- രൂപ സർവ്വകലാശാലയിൽ അടയ്ക്കേണ്ടതുമാണ്) |
| വിദ്യാർത്ഥി ക്ഷേമനിധി | : 30/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| സർവ്വകലാശാലാ യൂണിയൻ ഫീസ് | : 50/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| വിദ്യാർത്ഥിയുടെ ഇൻഷ്വറൻസ് പ്രീമിയം | : 23/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| മെട്രിക്കുലേഷൻ ഫീസ് | : 150/- രൂപ (ബന്ധപ്പെട്ട വിദ്യാർത്ഥികളിൽ നിന്നു മാത്രം) |

2. ടി കോഴ്സ് നടത്തേണ്ടതു സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. ടി കോളേജിൻെറ പ്രിൻസിപ്പൽ, അനുവദിച്ച സീറ്റുകളിലേയ്ക്കു മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ, സർവ്വകലാശാലാ നിയമ പ്രകാരം പരീക്ഷയ്ക്കു തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച കോഴ്സിലേയ്ക്ക് തന്നെ പരീക്ഷയ്ക്ക് ഇരുത്തുകയും വേണം.

3. വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ് 600/- രൂപയും (ഒരു വിദ്യാർത്ഥിക്ക്, ഒരു വർഷത്തേയ്ക്ക്) കോഴ്സ് അഫിലിയേഷൻ ഫീസ് ഓരോ കോഴ്സിന് 40,000/- രൂപ വീതവും അടയ്ക്കേണ്ടതാണ്.

4. സർവ്വകലാശാലാ നിയമങ്ങളും കാലാകാലങ്ങളിൽ സർവ്വകലാശാല പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും സത്യസന്ധമായി പാലിച്ചുകൊള്ളാമെന്നുള്ള സമ്മത പത്രം പ്രിൻസിപ്പലിന്റെ ഒപ്പോടുകൂടി 200 രൂപയുടെ മുദ്രപ്പത്രത്തിൽ വിദ്യാഭ്യാസ ഏജൻസി നൽകേണ്ടതാണ്.

5. വിദ്യാഭ്യാസ ഏജൻസിയോ പ്രിൻസിപ്പലോ അവർക്കു വേണ്ടി മറ്റാളുകളോ വിദ്യാർത്ഥി പ്രവേശനത്തിന് വേണ്ടിയോ നിയമനങ്ങൾക്ക് വേണ്ടിയോ യാതൊരു വിധത്തിലുള്ള സംഭാവനകളും ചോദിക്കുവാനോ വാങ്ങുവാനോ പാടില്ല.

6. ടി പ്രോഗ്രാമുകൾ അനുവദിച്ചതുമൂലം സർവ്വകലാശാലയ്ക്കോ സർക്കാരിനോ അധിക ബാധ്യത ഉണ്ടാവാൻ പാടില്ല. എയ്ഡഡ് വിഭാഗത്തിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവനം സ്വാശ്രയ രീതിയിൽ നടത്തുന്ന പ്രോഗ്രാമുകൾക്കായി ഉപയോഗിക്കുവാൻ പാടില്ല.

മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാലാ നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം കോഴ്സ് നടത്തേണ്ടത്. അല്ലാത്ത പക്ഷം കോഴ്സിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി.ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I (അക്കാദമിക വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക്
2. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ, തിരുവനന്തപുരം
4. ഡെപ്യൂട്ടി ഡയറക്ടർ, കോളേജിയേറ്റ് എഡ്യുക്കേഷൻ, കോട്ടയം/എറണാകുളം
5. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. രജിസ്ട്രാർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
7. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷാ/അക്കാദമിക്/ഭരണം)
8. എസി.എ5/6/8/എസി.എൽ/ലീഗൽ/ഇലക്ഷൻ/എസി.ഡി/എസ്.സി. എസ്.ടി സെൽ
9. ഇ.എ/ഇ.ബി/സി.റ്റി. & ഡി സെക്ഷനുകൾ/മോണിറ്ററിംഗ് സെൽ
10. തപാൽ(പൊതു/പരീക്ഷാ)/ഡെസ്പാച്ച് (പൊതു/പരീക്ഷാ)/കോൺഫിഡൻഷ്യൽ ഡെസ്പാച്ച്
11. പി.ആർ.ഒ/കൺസെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
12. എസി.സി1/എൻക്വയറി/ഇൻഫർമേഷൻ സെന്ററുകൾ
13. ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകൾ
14. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഫയൽ നം. എസി.എ1/1/8356/2017/അക്കാദമിക് (ഭാഗം 1)

ഉത്തരവിൻ പ്രകാരം

Sukumar

സെക്ഷൻ ഓഫീസർ